## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1561 03.05.2017-ൽ മറുപടിക്ക്**

## അനാവശ്യമായി യു.എ.പി.എ. ചുമത്തിയ കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് അന്വേഷണ ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത കാണിക്കാതെ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഏതെല്ലാം കേസുകളിലെന്ന് അറിയിക്കുമോ;<br><br>(സി) 2012 മുതൽ ഇതുവരെ എത്ര കേസുകളിൽ യു.എ.പി.എ. ചുമത്തിയെന്നും അതിൽ എത്ര കേസുകളിൽ യു.എ.പി.എ. നിലനിൽക്കുന്നില്ലായെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കേസുകളിൽ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയെന്ന് വിശദമാക്കുമോ; | ചില കേസുകളിൽ ഉദ്യോഗസ്ഥർക്ക് യു.എ.പി.എ ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ റിവ്യൂ നടത്തിയത് . ഇതു സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.<br>2012 മുതൽ നാളിതുവരെ 193 കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്. അതിൽ 4 കേസുകളിൽ നിന്നും പിന്നീട് യു.എ.പി.എ. വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്. |
| (ഇ) പൊതു പ്രവർത്തകരായ കമൽ സി ചവറ, നദീർ എന്നിവർക്കെതിരെ യു.എ.പി.എ. ചുമത്തിയത് തെറ്റാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ഇ) കമൽ സി ചവറയ്ക്കെതിരെ യു.എ.പി.എ. ചുമത്തിയിട്ടില്ല. ശ്രീ.നദീറിനെതിരെ ചുമത്തിയ യു.എ.പി.എ തെറ്റാണെന്ന് കണ്ടെത്തിയിട്ടില്ല. |

(എഫ്) ഈ സർക്കാർ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ആർക്കെങ്കിലും എതിരെ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എഫ്) ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ആർക്കെതിരെയും യു.എ.പി.എ. ചുമത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**